# പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2749 06/02/2018-ലെ മറുപടി

### ആർ.ഒ.പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ. പ്രദീപ്കുമാർ<br>ശ്രീ.വി. അബ്ദുറഹിമാൻ<br>ശ്രീ.സി.കെ. ഹരീന്ദ്രൻ<br>ശ്രീ.ആന്റണി ജോൺ | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് കുടിവെള്ള ക്ഷാമം നേരിടുന്ന സ്ഥലങ്ങളിലും തീരദേശങ്ങൾ, മലയോരങ്ങൾ എന്നിവിടങ്ങളിലും ശുദ്ധജല വിതരണത്തിനായി ആർ.ഒ. പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് പദ്ധതിയുണ്ടോ; | (എ) R.O പ്ലാന്റുകൾ സാധാരണഗതിയിൽ ഉപയോഗിക്കുന്നത് ലവണാംശം കൂടുതലുള്ള ജലം ശുദ്ധീകരിക്കുന്നതിനാണ്. നിലവിൽ ഇത്തരത്തിൽ ഗുണനിലവാര പ്രശ്നങ്ങളുള്ള ഏതാനും സ്ഥലങ്ങളിൽ ചെറുകിട താൽക്കാലിക പരിഹാരമെന്നനിലയിൽ R.O പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് നടപടിയെടുത്തിട്ടുണ്ട്. |
| (ബി) ഇത്തരം സംരംഭങ്ങളുമായി മുന്നോട്ടുവരുന്ന സന്നദ്ധസംഘടനകൾക്കും സ്ഥാപനങ്ങൾക്കും സാങ്കേതികവും സാമ്പത്തികവുമായ എന്തെങ്കിലും സഹായം ലഭ്യമാക്കാറുണ്ടോ; ഇല്ലെങ്കിൽ അതിനെക്കുറിച്ച് ആലോചിക്കുമോ; | (ബി) ഇല്ല, പരിഗണനയിലില്ല. |
| (സി) നിലവിലുള്ള ആർ.ഒ.പ്ലാന്റുകളിൽ നിന്നു വിതരണം ചെയ്യുന്ന കുടിവെള്ളം ഗുണമേന്മയുള്ളതും നിശ്ചിത നിലവാരം പുലർത്തുന്നതുമാണെന്ന് ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തുമോ? | (സി) കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ജല അതോറിറ്റിയുടെ ലാബുകളിൽ പരിശോധന നടത്തി ഉറപ്പുവരുത്തിയാണ് ജനങ്ങളിലെത്തിക്കുന്നത്. ഇതിനായി എല്ലാ ജില്ലകളിലും ഗുണനിലവാര പരിശോധനാ ലാബുകൾ പ്രവൃത്തിച്ചു വരുന്നു. |

Renuka Sankar

സെക്ഷൻ ഓഫീസർ